# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം. നം. 1987 22.03.2012- ൽ മറുപടിയ്ക്ക്

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

ക്ഷേമ പെൻഷൻ കുടിശ്ശിക

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ ഏതൊക്കെ ക്ഷേമ പെൻഷനുകളാണ് നൽകി വരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | സംസ്ഥാനത്ത് സാമൂഹ്യ ക്ഷേമ വകുപ്പിനു കീഴിൽ വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയും തൊഴിൽ വകുപ്പിനു കീഴിൽ കർഷക തൊഴിലാളി പെൻഷനും അസംഘടിത റിട്ടയേർഡ് വർക്കേഴ്സ് പെൻഷനും നൽകി വരുന്നു. |
| (ബി) | ഇവയിൽ ഓരോന്നിലും എത്ര മാസത്തെ കുടിശ്ശിക തുക നൽകാനുണ്ടെന്ന് വിശദമാക്കാമോ? | സാമൂഹ്യ ക്ഷേമ വകുപ്പിനു കീഴിലുള്ള വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയ്ക്ക് 2011 ഡിസംബർ മാസം വരെയുള്ള പെൻഷൻ വിതരണത്തിന് ആവശ്യമായ തുക 2011-12 |

| | | |
|---|---|---|
| | | സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിനു കീഴിലുള്ള കർഷക തൊഴിലാളി പെൻഷൻ 2011 ഡിസംബർ മാസം വരെ വിതരണം ചെയ്തു കഴിഞ്ഞു. ജനുവരി 2012 മുതൽ മാർച്ച് 2012 വരെയുള്ള മാസങ്ങളിലെ ക്ഷേമ പെൻഷന്റെയും കർഷക തൊഴിലാളി പെൻഷന്റെയും വിതരണത്തിന് തുക അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. അസംഘടിത റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ 10/2011 മുതൽ നൽകാനുണ്ട്. നിലവിൽ പ്രതിമാസ പെൻഷൻ 400 രൂപയാണ്. ഈ പെൻഷനും കുടിശ്ശിക തീർത്ത് ഉടനെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചി-ട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ